പാഠം 13 സെപ്തംബർ 22–28

# റോമിലേയ്ക്കുള്ള യാത്ര

**ശബ്ബത്ത് സായാഹ്നം വായിക്കുക: അ.പ്ര. 27,28; റോമർ 1:18–20.**

**മനഃപാഠവാക്യം: "പൗലൊസേ ഭയപ്പെടരുത്, നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു" (അ.പ്ര. 27:24).**

റോമാസാമ്രാജ്യം സന്ദർശിക്കാൻ പൗലൊസ് വളരെ നാളുകളായി ആഗ്രഹിച്ചിരുന്നു. എന്നാൽ അവന്റെ അറസ്റ്റ് എല്ലാം മാറ്റി മറിച്ചു. യെരൂശലേം സഭാ നേതൃത്വത്തിന്റെ നിയമപരമായ സമ്മർദ്ദത്താൽ അഞ്ചുവർഷക്കാലം റോമാഗവൺമെന്റിന്റെ തടവിൽ വസിക്കേണ്ടി വന്നു. ഈ മാറ്റം അവന്റെ മിഷണറി പദ്ധതിക്ക് വലിയ ഒരു ആഘാതമായി ഭവിച്ചു.

പിന്നോട്ടടിക്കുന്ന അനുഭവമുണ്ടായെങ്കിലും യേശുതന്നെ വാഗ്ദാനം നൽകിയിരുന്നു. അപ്പൊസ്തലൻ റോമിൽ അവനെ സാക്ഷീകരിക്കും എന്ന് (അ.പ്ര. 23:11) നാം ദൈവത്തെ പരാജയപ്പെടുത്തുമ്പോഴും, നമ്മുടെ പ്രവർത്തികളുടെ പ്രത്യാഘാതങ്ങളിൽനിന്ന് എല്ലായ്പോഴും അവൻ നമ്മെ വിടുവിക്കുന്നില്ലെങ്കിലും ദൈവം നമുക്ക് മറ്റൊരു അവസരം തരാം. പൗലൊസ് തടവുകാരനായി റോമിലേക്ക് കൊണ്ടുപോകപ്പെട്ടു എന്നു മാത്രമല്ല എന്നാൽ അവൻ മുമ്പു ചെയ്യണം എന്നു പ്രതീക്ഷിച്ചിരുന്നതുപോലെ അവൻ ഒരിക്കലും സ്പെയിനിലേക്കു പോയതായി വേദപുസ്തകപരമായി ഒരു തെളിവും ഇല്ല (റോമർ 15:24). റോമിലെ ഒന്നാമത്തെ ജയിൽശിക്ഷ എന്നറിയപ്പെടുന്ന തടവിനുശേഷം അവനെ പുറത്തുവിട്ടു. പൗലൊസ് വീണ്ടും അറസ്റ്റ് ചെയ്യപ്പെടുമായിരുന്നു. ഈ പ്രാവശ്യം (2 തിമൊ. 4:6–8) എ.ഡി. 67 ൽ നീറോയുടെ കീഴിൽ രക്തസാക്ഷിത്വം അനുഭവിക്കാനായിരുന്നു. പൗലൊസ് റോമിലേക്കുപോയി. രാജാവിന്റെ മുമ്പിൽ വിചാരണയ്ക്ക് കാത്ത് വീട്ടുതടങ്കലിൽ കഴിയുമ്പോൾ അടുക്കൽ ആരൊക്കെ വന്നുവോ, അവരോടെല്ലാം (അ.പ്ര. 28,30,31) അവന്റെ കയ്യിൽ ചങ്ങല (എഫെ. 6:20; ഫിലി. 1:13) ഉണ്ടായിരുന്നെങ്കിലും ഒരു തടസ്സവുമില്ലാതെ അവൻ സംസാരിച്ചു. പ്രധാന വ്യക്തികളായ കൈസരുടെ കുടുംബാംഗങ്ങളോടും സാക്ഷീകരിച്ചു (ഫിലി. 4:22).

## കപ്പലിൽ റോമിലേക്ക്

കൈസര്യയിൽ രണ്ടു വർഷങ്ങളിലെ തടവിനുശേഷം പൗലൊസിനെ റോമിലേക്ക് അയച്ചു. തങ്ങളുടെ തീരുമാനത്താൽ വിശദാംശങ്ങളുടെ ഘനവും ഇതാല്യയ്ക്കുള്ള ദൈർഘ്യമേറിയ വളരെ കുഴപ്പങ്ങൾ നിറഞ്ഞ ആ യാത്ര വിശദീകരിക്കുവാൻ ഉപയോഗിച്ചു (അ.പ്ര. 27:1–28:16). ലൂക്കൊസും പൗലൊസിനെ അനുഗമിക്കുന്നുണ്ടായിരുന്നു. അരിസ്താർക്കസ് എന്ന പേരോടു കൂടിയ മറ്റൊരു ക്രിസ്ത്യാനിയും ഉണ്ടായിരുന്നു (അ.പ്ര. 27:23). മറ്റൊരു പ്രധാനപ്പെട്ട കഥാപാത്രം റോമൻ ശതാധിപനായിരുന്നു. മറ്റ് തടവുകാരുടെയും ഉത്തരവാദിത്വം ഇയാൾക്ക് ആയിരുന്നു (അ.പ്ര. 27:1).

അവർ പുറപ്പെട്ടത് വേനൽക്കാലത്തിന്റെ അവസാനത്തിലാണ് (അ.പ്ര. 27:9) ൽ പരാമർശിക്കുന്ന നോമ്പ് പാപപരിഹാരദിനത്തെയാണ് കുറിക്കുന്നത്. ഒക്ടോബർ രണ്ടാം പകുതിയിൽ മഞ്ഞിന്റെ അവസ്ഥ ആയിരുന്നതിനാൽ നവംബർ മുതൽ മാർച്ച് വരെ മദ്ധ്യധരിണി സമുദ്രത്തിലൂടെയുള്ള യാത്ര സാധാരണനിലയിൽ ഒഴിവാക്കിയിരുന്നു. ഈ സമയം ആരംഭം മുതൽ തന്നെ അവൻ പ്രയാസങ്ങളെ നേരിട്ടു. വളരെ താമസിച്ചുമാത്രമാണ് ക്രേത്ത ദ്വീപിലെ ശുഭതുറമുഖം എന്നുപേരുള്ള ഒരു സ്ഥലത്ത് എത്തിയത് (അ.പ്ര. 27:8).

**വായിക്കുക: അ.പ്ര. 27:9–12 ശുഭ തുറമുഖത്തായിരുന്നപ്പോൾ പൗലൊസ് എങ്ങനെയാണ് ഈ കഥയിൽ ഇടപെടുന്നത്? അവന്റെ ഇടപെടൽ എങ്ങനെയാണ് സ്വീകരിച്ചത്?**

പൗലൊസിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കാതെ പോയി. അതുകൊണ്ട് അവർ ഒരു തുറമുഖത്തിനുവേണ്ടി പടിഞ്ഞാറേക്ക് (ഫൊയ്നിക്യ) നാല്പതു മൈൽ യാത്ര ചെയ്യുവാൻ തീരുമാനിച്ചു. അവിടെ മഞ്ഞുകാലം സുരക്ഷിതമായിരിക്കുമായിരുന്നു. ദൗർഭാഗ്യത്തിന് കാലാവസ്ഥയിൽ പെട്ടെന്നുണ്ടായ മാറ്റത്താൽ അവർ ഭയാനകമായ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടു. കപ്പലിലുള്ളവർക്കും മറ്റൊരു വഴിയും ഇല്ലായിരുന്നു. അതിനാൽ കരയുടെ ഭാഗത്തു നിന്നു ദൂരേയ്ക്ക് കാറ്റിനാൽ നീങ്ങിയ കപ്പൽ തെക്കുപടിഞ്ഞാറ് ഭാഗത്തേക്ക് പോകുവാൻ അനുവദിച്ചു. പെട്ടെന്ന് അവർ ചരക്ക് പുറത്തേക്ക് എറിയുവാൻ തുടങ്ങി. കപ്പലിന്റെ ഭാരം കുറയ്ക്കാനുള്ള പരിഭ്രാന്തി നിറഞ്ഞ ശ്രമത്തിൽ അവർ ചില കപ്പൽക്കോലുകളും വെള്ളത്തിൽ ഇട്ടുകളഞ്ഞു. ആ സാഹചര്യം വളരെ നാടകീയമായിരുന്നു. പകൽവെളിച്ചംപോലും ശരിയായി ഇല്ലാത്ത പല ദിവസങ്ങൾക്കുശേഷം ശരിയായി കാണാൻ കഴിയാത്ത ശക്തമായ മഴ ശക്തിയോടെ ആഞ്ഞടിക്കുന്ന കാറ്റ് എവിടെയായിരുന്നു എന്ന് അവർക്ക് അറിയാൻ കഴിയുന്നില്ല. പൂർണ്ണമായും കുഴഞ്ഞ് "ഒടുവിൽ രക്ഷപ്പെടാമെന്ന എല്ലാ പ്രതീക്ഷയും അവർ ഉപേക്ഷിച്ചു" (അ.പ്ര. 27:20).

**വായിക്കുക: അ.പ്ര. 27:21-26 കഥയിൽ പൗലൊസിന്റെ രണ്ടാമത്തെ ഇടപെടൽ എന്തായിരുന്നു?**

പ്രവാചകവാക്കുകളിൽ ദൈവത്തിൽനിന്ന് പൗലൊസിനു കിട്ടിയ ദൂത് അവൻ കപ്പലിലെ സംഘത്തോട് സംസാരിച്ചു. നിരാശപ്പെടുവാനോ പ്രതീക്ഷകൾ കൈവിടേണ്ടതിനോ ഒരു കാരണവുമില്ല. ഇപ്പോഴും അപകടവും നഷ്ടവുമുണ്ട് എന്നാൽ എല്ലാവരും അതിജീവിക്കുക.

**പൗലൊസിനെപോലെ വിശ്വസ്തനും സമർപ്പിക്കപ്പെട്ടവനുമായ ശുശ്രൂഷകൾ എന്തുകൊണ്ടാണ് ഇത്രമാത്രം കഷ്ടങ്ങളിലായത്? അവന്റെ അനുഭവത്തിൽനിന്ന് എന്തു പാഠം നമുക്ക് പഠിക്കാൻ കഴിയും?**

**തിങ്കൾ** **സെപ്തംബർ 24**

**കപ്പൽ ച്ഛേദം**

ഈ കഥയിലെ രണ്ടാമത്തെ ഇടപെടലിൽ കപ്പലിൽ ഉണ്ടായിരുന്ന ഇരുനൂറ്റി എഴുപത്തിയാറ് ആളുകളോട് ഒരുമിച്ച് (അ.പ്ര. 27:37) പൗലൊസ് കൊടുത്ത ഉറപ്പ്, എല്ലാ കാര്യങ്ങളും നന്നായി വരികയില്ലെങ്കിലും ഒരു ജീവഹാനിയും സംഭവിക്കുകയില്ല കപ്പൽ മാത്രം താണുപോകും (അ.പ്ര. 27:22). പതിനാലു ദിവസങ്ങൾക്കുശേഷം അപ്പൊസ്തലന്റെ വാക്കുകൾ സഫലീകരിക്കപ്പെട്ടു. ഭയാനകമായ ഒരു കൊടുങ്കാറ്റിൽ കപ്പൽ പൂർണ്ണമായും അവരുടെ നിയന്ത്രണത്തിൽ നിന്നു വിട്ടുപോയി. കര അടുത്തായിരുന്നുവെന്ന് കപ്പൽയാത്രികൾ മനസ്സിലാക്കി (അ.പ്ര. 27:27). കാരണം വലിയ തിരമാലകൾ തീരത്ത് വന്ന് അടിച്ചു തകരുന്ന ശബ്ദം കേട്ടിട്ടുണ്ടാവാം. നിരന്തരമായ ആ ശബ്ദത്തിനുശേഷം കപ്പൽ തീരത്തിലൂടെ പാറകെട്ടിനെതിരേ നീങ്ങുകയാണെന്ന് ഭയപ്പെട്ടു. കപ്പലിന്റെ വേഗത കുറയ്ക്കാൻ പിൻഭാഗത്തുനിന്ന് നാല് നങ്കൂരങ്ങൾ ഇട്ടു അതേസമയം തന്നെ നിരാശയോടെ പ്രഭാതത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു (അ.പ്ര. 27:28,29).

**വായിക്കുക: അ.പ്ര. 27:30-44 എന്തു പാഠങ്ങളാണ് ഇവിടെ ഈ കഥയിൽ നമുക്കുള്ളത്?**

യാത്രയുടെ ആരംഭത്തിൽ ശതാധിപൻ പൗലൊസിനെ നല്ല രീതിയിൽ പെരുമാറി. എന്നാൽ ഈ യാത്രയുടെ ആദ്യം തന്നെ അപ്പൊസ്തലന്റെ നാവികയാത്രയുടെ തീരുമാനം വിശ്വസിക്കാൻ ഒരു കാരണവുമില്ലായിരുന്നു. രണ്ടാഴ്ചകൾക്കുശേഷം എങ്ങനെയായാലും കാര്യങ്ങൾ വ്യത്യസ്തമായി. കപ്പൽച്ഛേദത്തെക്കുറിച്ചുള്ള പ്രവാചക ഇടപെടലിലൂടെ നേരത്തെ തന്നെ പൗലൊസ് ശതാധിപന്റെ ബഹുമാനം നേടിയിരുന്നു (അ.പ്ര. 27:21-26). ഇപ്പോൾ അത് അതിന്റെ പൂർത്തീകരണത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു.

കപ്പലിലുള്ള ആളുകളോട് ഭക്ഷണം കഴിക്കാൻ പൗലൊസ് അപേക്ഷിച്ചു. ഇല്ലെങ്കിൽ തീരത്തേക്ക് നീന്തുവാനുള്ള ബലം അവർക്കു കിട്ടുകയില്ല.

നാം സ്വാഭാവികമായി ചെയ്യേണ്ട കടമയിൽനിന്ന് സ്വർഗ്ഗീയമായ കരുതൽ നമ്മെ ഒഴിവാക്കുന്നില്ല. "ഈ വിവരണത്തിലുടനീളം അവരുടെ സുരക്ഷിതത്വത്തിനായുള്ള ദൈവത്തിന്റെ വാഗ്ദത്തവും അത് ഉറപ്പാക്കാനുള്ള മനുഷ്യന്റെ പരിശ്രമത്തിന്റെ ഇടപെടലും തമ്മിലുള്ള സന്തോഷകരമായ ഒരു സംതുലനം നിലനിർത്തിയിട്ടുണ്ട്" David J Williams, Acts (Grand apids: Baker) 1990, P 438.

പ്രഭാതമായപ്പോൾ കപ്പൽ യാത്രികർ കര കണ്ടു. അത് വിശാലമായ കടപ്പുറത്തോടുകൂടിയ ഒരു തുറയായിരുന്നു. അവിടെ ആഴം കുറഞ്ഞ ഭാഗത്തേയ്ക്ക് കപ്പൽ നീക്കുവാൻ തീരുമാനിച്ചു. കപ്പൽ ഒരിക്കലും തീരത്ത് എത്തിയില്ല പകരം ഒരു മണൽത്തിട്ടയിൽ ഉറച്ചു. തിരമാലയുടെ ശക്തിയാൽ അമരം തകർന്നു. തടവുകാർ രക്ഷപെടാതിരിപ്പാൻ അവരെ കൊല്ലുവാൻ പട്ടാളക്കാർ തുനിഞ്ഞപ്പോൾ ശതാധിപൻ അവരെ തടഞ്ഞു. പ്രധാനമായിട്ടും പൗലൊസ് കാരണമാണ് അതിന്റെ അവസാനത്തിൽ ദൈവം വാഗ്ദത്തം നൽകിയതുപോലെ ഒരു ജീവൻപോലും നഷ്ടമാകാത്തത്.

**പൗലൊസ് ജീവിച്ചിരിക്കണമെന്ന ശക്തമായ ആവശ്യവും ഒരു തടവുകാരനെപ്പോലും കൊല്ലാതെ പട്ടാളക്കാരെ വിലക്കിയ സാഹചര്യത്തിൽ പൗലൊസിന്റെ സാക്ഷീകരണത്തിന്റെ ശക്തിയെയും അവന്റെ സ്വഭാവത്തെയും കുറിച്ച് ഇതു നമ്മോട് എന്താണ് പറയുന്നത്?**

**ചൊവ്വ** **സെപ്തംബർ 25**

## മെലിത്തയിൽ

കരയിൽ എത്തിയതിനുശേഷം മാത്രമാണ് ഈ അതിജീവിച്ചവർ മനസ്സിലാക്കുന്നത് തെക്ക് മദ്ധ്യധരിണി കടലിന്റെ നടുവിലുള്ള ഒരു ചെറിയ ദ്വീപ് ആയ മെലിത്തയിലാണെന്ന്. രണ്ടാഴ്ചകൾ കാറ്റിന്റെ ശക്തി വിട്ടുകൊടുത്തുകൊണ്ട് കടലിൽ ഒഴുകിനീങ്ങുകയായിരുന്നു. ക്രേത്തയിലെ ശുഭതുറമുഖത്ത് നിന്ന് ഏകദേശം നാനൂറ്റി എഴുപത്തിയഞ്ച് മൈൽ താണ്ടിയിരുന്നു. ഇപ്പോൾ അവർ മൂന്നുമാസങ്ങൾ ശീതകാലം കഴിഞ്ഞ് യാത്ര തുടരുവാൻ (അ.പ്ര. 28:11).

**വായിക്കുക: അ.പ്ര. 28:1-10 മെലിത്ത ദ്വീപിൽ പൗലൊസിന് എന്തു സംഭവിച്ചു. ദൈവം അവനെ എങ്ങനെയാണ് ഉപയോഗിച്ചത്?**

മെലിത്തയിലെ ആളുകൾ വളരെ സൗഹൃദമുള്ളവരും മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നവരുമായിരുന്നു. പൗലൊസിനോടും കൂട്ടത്തിലുള്ളവരോടും അവരുടെ പ്രവർത്തി അങ്ങനെയായിരുന്നു. അവരെല്ലാം നനഞ്ഞ് തണുത്തതിനാൽ ചൂടു കിട്ടുവാൻ തീ കത്തിക്കണമായിരുന്നു. മെലിത്തയിൽ ആ വർഷം ഈ സമയത്തെ ചൂട് അൻപത് ഫാരൻഹീറ്റിനേക്കാൾ കൂടുതലായിരിക്കുകയില്ല. പാമ്പിന്റെ സംഭവം ജനങ്ങളുടെ ശ്രദ്ധ പൗലൊസിലേക്ക്

തിരിച്ചു. ആദ്യമായി പുറജാതിക്കാരായവർ, പൗലൊസിനെ പാമ്പ് കടിച്ച കാര്യത്തെ ഭയങ്കരമായ ദൈവകോപമായിട്ടാണ് കണ്ടത്. അവർ ചിന്തിച്ചത് പൗലൊസ് ഒരു കൊലയാളിയായിരുന്നു. മുങ്ങിമരണത്തിൽ നിന്ന് ഒരു തരത്തിൽ രക്ഷപ്പെട്ടു എന്നിട്ടും ദൈവങ്ങൾ അവനെ പിടിച്ചു. ഒരുപക്ഷേ ഗ്രീക്ക് നീതിദേവിയായ ഡൈക് അപ്പൊസ്തലനെ പിടിച്ചു എന്നു കരുതി. പിന്നെ മരിക്കാത്തതുകൊണ്ട് അവനെ ദേവനായി ചിത്രീകരിച്ചു. ചില വർഷങ്ങൾക്കു മുമ്പ് ലുസ്ത്രയിൽ സംഭവിച്ചിരുന്നതുപോലെ (അ.പ്ര. 14:8-18). ലൂക്കൊസ് ഈ ഭാഗത്ത് അധികസമയം ചെലവഴിക്കുന്നില്ല. എങ്കിലും മിക്കവാറും ഈ സാഹചര്യം പ്രയോജനപ്പെടുത്തിയ പൗലൊസ് താൻ സേവിക്കുന്ന ദൈവത്തിന്റെ സാക്ഷ്യം വഹിക്കുന്നു എന്ന് അനുമാനിക്കുന്നതാണ് സുരക്ഷിതം എന്നതുകൊണ്ടായിരിക്കാം. ഇതു ജനങ്ങളോടുള്ള കരുതലും അവരുടെ ആവശ്യങ്ങളും ഉൽക്കൊള്ളുന്നതാണ്. ഇതാണ് പ്രായോഗിക സുവിശേഷത്തിന്റെ സവിശേഷത (അ.പ്ര. 20:35; താരതമ്യം ചെയ്യുക. തീത്തൊസ് 3:14).

**എത്ര രസകരമാണ് ഈ അജ്ഞരായ ദ്വീപുവാസികൾക്ക് ദൈവിക നീതിയെക്കുറിച്ച് ഒരു ബോധമുണ്ടായിരുന്നു എന്നത്. അവസാനമായി എവിടെനിന്ന് അതു വന്നു? കാണുക റോമർ 1:18-20.**

**ബുധൻ** **സെപ്തംബർ 26**

## അവസാനമായി പൗലൊസ് റോമിൽ

മെലിത്തയിൽ മൂന്നു മാസങ്ങൾക്കുശേഷം പൗലൊസും കൂട്ടുകാരും അവസാനമായി അവരുടെ യാത്ര തുടരുവാൻ സാധിച്ചു (അ.പ്ര. 28:11). അവർ പുത്യോലിയിൽ നേപ്പിൾസ് ഉൾക്കടലിലെ ആധുനിക പൊസൗളിൽ എത്തിച്ചേർന്നു. അവിടെനിന്ന് അവർക്ക് റോമിലേക്ക് റോഡുമാർഗ്ഗം യാത്ര ചെയ്യാം. (കാണുക അ.പ്ര. 28:11-16).

പൗലൊസിന്റെ വരവ് റോമിൽ വേഗത്തിൽ എത്തി അവിടെനിന്ന് ഒരു സംഘം വിശ്വാസികൾ അവനെ സ്വീകരിക്കുവാൻ അനേകമൈലുകൾ തെക്കോട്ട് യാത്ര ചെയ്തു. അവൻ മുമ്പ് ഒരിക്കലും റോമിൽ അല്ലായിരുന്നെങ്കിലും അപ്പൊസ്തലന് നിരവധി സുഹൃത്തുക്കൾ പട്ടണത്തിൽ ഉണ്ടായിരുന്നു. സഹപ്രവർത്തകർ, മാനസാന്തരപ്പെട്ടവർ, ബന്ധുക്കൾ കൂടാതെ അവന് പ്രിയപ്പെട്ട അനേകരും (റോമർ 16:3-16).

റോമിലെ വീഥിയിൽ കണ്ടുമുട്ടുന്നത് പ്രത്യേകിച്ച് ഹൃദയസ്പർശിയായിരിക്കും. പ്രത്യേകിച്ച് കപ്പൽ ച്ഛേദത്തിന്റെ കാഴ്ചപ്പാടിൽ പൗലൊസ് ഇപ്പോൾ ഒരു തടവുകാരനായി. അവന്റെ സ്നേഹിതർക്കുണ്ടായിരുന്ന കരുതലിന്റെയും സ്നേഹത്തിന്റെയും അസാധാരണമായ പ്രകടനത്തിന്റെ ഫലമായി അപ്പൊസ്തലൻ ദൈവത്തിന്റെ മുമ്പിൽ വിചാരണയെ നേരിടുന്നതിനെ കുറിച്ച് അവന്റെ മനസ്സിൽ ആഴമേറിയ സന്തോഷം അനുഭവിച്ചു.

അവന്റെ ഔദ്യോഗിക എഴുത്തിൽ ഫെസ്തൊസ് തീർച്ചയായും എഴുതിയിട്ടുണ്ടാവും. റോമാനിയമം അനുസരിച്ച് ഏതെങ്കിലും പ്രധാനപ്പെട്ട നിയമലംഘനത്തിന് പൗലൊസ് കുറ്റക്കാരനല്ല (അ.പ്ര. 25:26,27; 26:31,32). ഇത് വിശദമാക്കുന്നത് എന്താണ്? ഒരു ജയിലിലോ പട്ടാളക്യാമ്പിലോ അയയ്ക്കാത്ത അതിനുപകരം വാടകയ്ക്ക് എടുത്ത താമസസ്ഥലത്തേയ്ക്ക് അയച്ചത് എങ്കിലും റോമിലെ പൊതുവായ രീതിയനുസരിച്ച് അവനെ ഒരു പട്ടാളക്കാരനോട് മുഴുവൻ സമയവും ബന്ധിച്ചിരുന്നു. പൗലൊസ് സ്വന്തം ചെലവിൽ അവൻ നിർദ്ദേശിച്ചത് അവന് അവന്റെ സ്വന്തതൊഴിൽ ചെയ്യാൻ കഴിയുമെന്നാണ് (അ.പ്ര. 18:3).

**വായിക്കുക: അ.പ്ര. 28:17-22 താമസം ആരംഭിച്ച ഉടൻ തന്നെ പൗലൊസ് എന്താണ് ചെയ്തത്?**

പൗലൊസിന് യെഹൂദാപള്ളിയിൽ പോകാൻ കഴിഞ്ഞില്ലെങ്കിലും യെഹൂദാപള്ളിയ്ക്ക് അവന്റെ അടുക്കലേയ്ക്കു വരാൻ കഴിഞ്ഞു. അവൻ അവിടെ എത്തിച്ചേർന്ന ഉടൻതന്നെ യെഹൂദന്മാരുടെ അടുക്കലേയ്ക്കു പോകുന്ന ചട്ടമനുസരിച്ച് (റോമർ 1:16) യെഹൂദനേതാക്കന്മാരെ ഒന്നിച്ചു വിളിച്ചു. അവന്റെ നിരപരാധിത്വത്തെക്കുറിച്ച് പ്രസ്താവിപ്പാനും ഇതിനുമുമ്പ് എന്തായിരുന്നു അവൻ പ്രവർത്തിച്ചത്, അവൻ അറസ്റ്റ് ചെയ്യപ്പെട്ടത് യിസ്രായേലിന്റെ പ്രത്യാശയല്ലാതെ മറ്റൊരു കാരണത്തിനുമല്ല എന്ന് അവരോടു സംസാരിച്ചു. (അ.പ്ര. 23:6; 24:15; 26:6-8). അവന്റെ ഉദ്ദേശം അവനെ കൂടുതൽ സംരക്ഷിച്ച് വിശ്വാസത്തിന്റെ ഒരു അന്തരീക്ഷം സൃഷ്ടിച്ച് അത് സുവിശേഷം പ്രസംഗിക്കാനുള്ള അനുവാദമാക്കുവാനോ അല്ല, യേശുവിന്റെ ഉയിർപ്പ് എങ്ങനെ യിസ്രായേലിന്റെ പിതൃപ്രത്യാശയുടെ പൂർത്തീകരണമായി എന്നു കാണിക്കുകയായിരുന്നു. അത്ഭുതകരമായത്, അവർക്ക് യെരൂശലേമിൽ നിന്ന് പൗലൊസിനെക്കുറിച്ചുള്ള ഒരു വിവരവും ലഭിച്ചിരുന്നില്ല. യെഹൂദന്മാർ അവനെ ശ്രവിക്കുവാൻ തീരുമാനിച്ചു.

**വായിക്കുക. അ.പ്ര. 28:22 വിശ്വാസികൾക്കെതിരേയുള്ള അനിഷ്ടം ഇപ്പോഴും ഈ സമയത്തും ഉണ്ട് എന്നതിനേക്കുറിച്ച് ഇതു നമ്മോട് എന്തു പറയുന്നു. മറ്റുള്ളവർ നമ്മുടെ വിശ്വാസത്തിനെതിരേ സംസാരിക്കുമ്പോൾ നമുക്ക് എങ്ങനെ വിശ്വാസത്തോടെ ജീവിക്കാൻ കഴിയും?**

**വ്യാഴം** **സെപ്തംബർ 27**

**സുവിശേഷത്തിന്റെ വിജയം**

ഒരു നിശ്ചയിച്ച ദിവസം വളരെ യെഹൂദന്മാർ പൗലൊസിന്റെ സുവിശേഷ അവതരണം കേൾക്കാൻ വന്നു. (അ.പ്ര. 28:23).

**വായിക്കുക. അ.പ്ര. 28:24-31 യെശയ്യാവെ ഈ പശ്ചാത്തലത്തിൽ ഉദ്ധരിക്കുന്നതിൽ പൗലൊസിന്റെ ലക്ഷ്യം എന്തായിരുന്നു?**

യെശയ്യാ 6:9,10 ഉദ്ധരണികൾ വിവരിക്കുന്നത്, സ്വർഗ്ഗീയ ദൂതുകൾ സ്വീകരിക്കുന്നത് നിരസിക്കുമ്പോൾ മനുഷ്യന് എന്തു സംഭവിക്കുന്നു. കുറച്ച് യെഹൂദർ വിശ്വസിച്ചു എങ്കിലും മറ്റുള്ളവർ വിശ്വസിച്ചില്ല. ഈ വലിയ തർക്കം കൊണ്ട് അപ്പൊസ്തലന് മറ്റൊരു തിരഞ്ഞെടുപ്പ് ഇല്ലാത്തതിനാൽ ഒരിക്കൽ കൂടി അവൻ ജാതികളിലേക്ക് തിരിഞ്ഞു. (അ.പ്ര 13:46,47; 18:6).

രാജാവിനാൽ വിചാരണ ചെയ്യപ്പെടാൻ പൗലൊസിന് രണ്ടു വർഷങ്ങൾ കാത്തിരിക്കണമായിരുന്നു. ആ സമയം വീട്ടുതടങ്കലിന്റെ നിയന്ത്രണത്തിലായിരുന്നെങ്കിലും അവന്റെ അടുക്കൽ വന്നവരോടെല്ലാം ഒരു തടസ്സവും കൂടാതെ സുവിശേഷം പങ്കുവെച്ചു. അപ്പൊസ്തല പ്രവൃത്തികളിലെ അവസാന ചിത്രം സുവിശേഷത്തിന്റെ വിജയത്തിന് നൽകുന്ന പ്രാധാന്യമാണ്, ഒരു ശക്തിക്കും യെഹൂദനായാലും റോമക്കാരനായാലും അതിന്റെ പുരോഗതിയെ പിടിച്ചു നിർത്താൻ കഴിയില്ലായിരുന്നു.

എന്തുകൊണ്ടാണ് ലൂക്കൊാസ് തന്റെ പുസ്തകം ഈ സ്ഥാനത്ത് അവസാനിപ്പിക്കുന്നതെന്ന് വ്യക്തമല്ല. പൗലൊസിനെതിരേയുള്ള വ്യവഹാരം ദുർബ്ബലമായതിനാൽ അവനെ തടവിൽ നിന്ന് വിട്ടയയ്ക്കുകയും, അവൻ മറ്റൊരു വിദേശരാജ്യത്തു പോയി സുവിശേഷ വേല ചെയ്തു അവനെ വീണ്ടും റോമിലേക്ക് കൊണ്ടുവന്നു. എന്നിട്ട് അവനെ വധിച്ചു (2 തിമൊ. 4:6–8) ഒരു പക്ഷേ പൗലൊസ് റോമിൽ പ്രസംഗിച്ചപ്പോൾ ലൂക്കോസിന്റെ സാഹിത്യ മനോഭാവത്തിൽ സുവിശേഷം "ലോകത്തിന്റെ അറ്റത്തോളം" എത്തിച്ചേർന്നിരുന്നു (അ.പ്ര. 1:8).

''അനീതിയിൽ തടവിലായിരുന്ന കാലയളവിൽ പൗലൊസിന്റെ സഹനശക്തിയും പ്രസരിപ്പും, അവന്റെ ധൈര്യവും വിശ്വാസവും തുടർച്ചയായ പ്രസംഗമായിരുന്നു. അവന്റെ ആത്മാവ് ലോകത്തിന്റെ ആത്മാവ് പോലെ അല്ലാത്തതുകൊണ്ട്, കൂടുതൽ ശക്തിയുള്ള സാക്ഷ്യം വഹിച്ചു. കൂടാതെ അവന്റെ മാതൃകയാൽ ക്രിസ്ത്യാനികൾ വലിയ ശക്തിക്കായി അപേക്ഷിച്ചു. ഏതു പൊതു പ്രവൃത്തിയിൽ നിന്ന് പൗലൊസിനെ വലിച്ചെടുത്തുവോ അതിന്റെ പ്രചാരകർ ആകാൻ അപ്പൊസ്തലന്റെ ബന്ധനങ്ങൾ സ്വാധീനമുള്ളതായി തീർന്നു. അതുകൊണ്ട് അവന്റെ ശക്തിയും, ഉപയോഗപ്പെടുത്താനുള്ള കഴിവും ച്ഛേദിക്കപ്പെട്ടു എന്നു തോന്നിയപ്പോൾ ബാഹ്യമായ എല്ലാ പ്രകടനങ്ങളും ഏറ്റവും ചെറുതായി അവൻ കണ്ടു. അപ്പോഴായിരുന്നു അവൻ ക്രിസ്തുവിനുവേണ്ടി കറ്റകൾ കൂട്ടിയത്. അവനെ പൂർണ്ണമായി ഒഴിവാക്കിയെന്നു തോന്നിയ വയലിൽ നിന്ന്" Ellen G. White, The Acts of the Apostles P 464.

സഭാദൗത്യത്തിന്റെ ഭാഗത്തുനിന്നും നമുക്ക് പറയാൻ കഴിയുന്നത് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം ചരിത്രം ഇവിടെ അവസാനിച്ചിട്ടില്ല എന്നതാണ്. കൂടാതെ ഇവിടെയാണ് നാം ഓരോരുത്തരും ചിത്രത്തിൽ

പ്രവേശിക്കുന്നത്. വളരെ കൂടുതൽ ഉദ്വേഗജനകവും നാടകീയവുമായ അദ്ധ്യായങ്ങൾ ഈ നൂറ്റാണ്ടുകളിലൂടെ എഴുതപ്പെട്ടിട്ടുണ്ട്; ചില സമയങ്ങളിൽ ദൈവത്തിന്റെ വിശ്വസ്തരായ സാക്ഷികളുടെ രക്തംകൊണ്ട്. ഇപ്പോൾ നമ്മുടെ ഊഴമാണ് ഒരു അദ്ധ്യായം കൂടെ കൂട്ടിച്ചേർക്കാൻ, അവസാനത്തെ ഒന്ന്. (നാം പ്രതീ ക്ഷിക്കുന്നു). കൂടാതെ യേശു ശിഷ്യന്മാർക്ക് വിട്ടിട്ട് പോയ ദൗത്യം കൊണ്ടുവരിക അതിന്റെ പൂർണ്ണമായ പൂർത്തീകരണത്തിലേക്ക് "അപ്പോൾ അവസാനം വരും" (മത്താ. 24:14).

**വെള്ളി** **സെപ്തംബർ 28**

**കൂടുതൽ ചിന്തയ്ക്ക്**

"ക്രിസ്തു സഭയ്ക്ക് വിശുദ്ധമായ ഒരു ദൗത്യം നൽകിയിട്ടുണ്ട്. ഓരോ അംഗവും ഒരു ചാൽ ആകണം. അതിലൂടെ അവന്റെ കൃപയുടെ നിധികളെപ്പറ്റി ആശയവിനിമയം നടത്താൻ കഴിയും. ക്രിസ്തുവിന്റെ പരിശോധിക്കാനാവാത്ത ധനങ്ങൾ തന്റെ അനുയായികൾ തന്റെ ആത്മാവിനേയും സ്വഭാവത്തേയും ലോകത്തിന് പ്രതിനിധീകരിക്കുന്നതിനേക്കാൾ കൂടുതലായി മറ്റൊന്നും രക്ഷകൻ ആഗ്രഹിക്കുന്നില്ല. മറ്റ് ഒന്നും കൂടുതലായി ലോകത്തിന് ആവശ്യമില്ല. മാനുഷികതയിലൂടെ പ്രദർശിപ്പിക്കപ്പെട്ട രക്ഷകന്റെ സ്നേഹം. ക്രിസ്ത്യാനിത്വത്തിന്റെ ശക്തിയെ വെളിപ്പെടുത്താൻ കഴിയുന്നത് ആരിലൂടെയാണോ അങ്ങനെയുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി എല്ലാ സ്വർഗ്ഗവും കാത്തിരിക്കുകയാണ്" Ellen G White, The Acts of the Apostles, P 600.

"ആത്മാവിന്റെ ശുശ്രൂഷ സഭ മൊത്തമായി ഏറ്റെടുക്കാൻ ദൈവം ഏറെ നാൾ കാത്തിരുന്നു. അതിനാൽ ഓരോരുത്തരും ദൈവത്തിനുവേണ്ടി അവനവന്റെ കഴിവനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. ദൈവസഭയിലെ അംഗങ്ങൾ, അവരെ ചുമതലപ്പെടുത്തിയിട്ടുള്ള ജോലി ആവശ്യമുള്ള വയലുകളിൽ, കുടുംബത്തിലും വിദേശങ്ങളിലും സുവിശേഷവിളിയുടെ പൂർത്തീകരണത്തിനായി ചെയ്യുകയാണെങ്കിൽ ലോകം മുഴുവനും മുന്നറിയിപ്പ് നൽകപ്പെടും. ദൈവമായ യേശു അധികാരത്തോടും മഹത്വത്തോടും കൂടെ ഭൂമിയിലേക്ക് മടങ്ങി വരും Page 111.

**ചർച്ച ചെയ്യുക.**

1 റോമിലേക്കുള്ള തന്റെ യാത്രയിലുടനീളം പൗലൊസിന് ദൈവ ത്തിലുള്ള വിശ്വാസത്തെ ലൂക്കൊസ് എങ്ങനെയാണ് ചിത്രീകരിക്കുന്നത്? വ്യവസ്ഥയ്ക്ക് വിധേയമല്ലാത്ത അത്തരം വിശ്വാസം എങ്ങനെയാണ് മറ്റുള്ളവരെ ബാധിച്ചത്?

2 എല്ലാ കാര്യങ്ങളിലൂടെയും അവൻ കടന്നു പോയെങ്കിലും പൗലൊസ് ഒരിക്കലും തന്റെ വിശ്വാസത്തെയോ ദൗത്യത്തെയോ ഉപേക്ഷിച്ചില്ല

റോമിൽ അവന് പരിമിതമായ സ്വാതന്ത്ര്യമേ ഉണ്ടായിരുന്നുള്ളു എങ്കിലും അവൻ പ്രസംഗം തുടർന്നു. ആരോടെങ്കിലുമുള്ള സുവിശേഷ പ്രഖ്യാപനം ഉപേക്ഷിക്കുവാൻ നാം പ്രലോഭിക്കപ്പെടുമ്പോൾ നമുക്ക് എന്തു ചെയ്യാൻ കഴിയും?

3 വായിക്കുക. റോമർ 1:14,15 എല്ലാവരോടും സുവിശേഷം പ്രസംഗിപ്പാൻ ആ കടപ്പാടിന്റെ കീഴിലാണ്, കടക്കാരനാണ് എന്ന് പൗലൊസിന് തന്നെക്കുറിച്ച് തോന്നിയത് എന്തുകൊണ്ടാണ്? നാം അവനേക്കാൾ കടപ്പാട് കുറഞ്ഞവരാണോ? ഈ പ്രസ്താവന പരിഗണിക്കുക. ക്രിസ്ത്യാനിയാണ് എന്ന് അഭിമാനിക്കുന്ന എല്ലാവരുടെയും ജീവിത പ്രവൃത്തി ആത്മാക്കളെ രക്ഷിക്കുന്നതാണ്. നമുക്ക് നൽകിയിരിക്കുന്ന കൃപയാൽ നാം ലോകത്തോട് കടക്കാരാണ്. നമ്മുടെ മേൽ പ്രകാശിക്കുന്ന വെളിച്ചത്തിനുവേണ്ടി കണ്ടെത്തിയ സത്യത്തിന്റെ മനോഹരത്വത്തിനും ശക്തിയ്ക്കും. Ellen G White, Testimonies for the church, Vol. 4, P 53.

4 യെശയ്യാവിലെ, പൗലൊസ് ഉപയോഗിച്ച വേദഭാഗം വീണ്ടും വായിക്കുക. ഈ ആശയം എങ്ങനെ നമ്മളിൽ പ്രായോഗികമാക്കാൻ കഴിയും? സത്യത്തിന്റെ മഹത്തായ ഒരു ഉടമ്പടി നമുക്ക് നൽകിയിട്ടുണ്ട് എന്നാൽ നാം നമ്മെ തന്നെ അതിനോട് കഠിനപ്പെടുത്തിയാൽ, അല്ലെങ്കിൽ അതിന്റെ സവിശേഷതകൾ നമ്മുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും വിരുദ്ധമായേക്കാം, ആത്മികമായി എന്ത് അപകടത്തേയാണ് നാം നേരിടുന്നത്?

5 ഊഹിക്കുക പട്ടാളക്കാരൻ തന്നെ പൗലൊസുമായി ബന്ധിച്ചിരിക്കുമ്പോൾ തന്നെ ആരോടാണോ ചേർത്ത് ബന്ധിച്ചിരിക്കുന്നത് ആ മനുഷ്യനിൽ ഇയാൾ എന്തു കണ്ടു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

✪ ✪ ✪ ✪

Pubilshed by Jose Prakash for South West India Union of Seventh-day Adventists. Evergreen lane, Moospet road, Thrissur - 680005. Ph: 0487-2440341. Type Setting and Printing@ Ebenezer Printers. Thrissur Ph: 0487-2361892